**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 500 06.03. 2012 ന് മറുപടിക്ക്

**തച്ചമ്പാറ പഞ്ചായത്തിൽപ്പെട്ട കൈവശരേഖയുള്ള കൃഷിക്കാരെ കുടിയൊഴിപ്പിക്കൽ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| 1977-നു മുൻപ് കൈവശാവകാശക്കാരെന്ന് പാലക്കയം വില്ലേജ് ആഫീസർ സർട്ടിഫൈ ചെയ്തിട്ടുള്ള കാഞ്ഞിരപ്പാറ തച്ചമ്പാറ പഞ്ചായത്തിൽപ്പെട്ട കൈവശ രേഖയുള്ള കൃഷിക്കാരെ കുടിയൊഴിപ്പിക്കാൻ നോട്ടീസ് നൽകിയ വനംവകുപ്പിന്റെ നടപടി പുന:പരിശോധിക്കുമോ ? | മണ്ണാർക്കാട് താലൂക്കിൽ വനം, റവന്യൂ, സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ 01..01..1977 നു മുൻപ് നടന്ന കയ്യേറ്റമായി കണ്ടെത്തി ജില്ലാ കളക്ടർ അംഗീകരിച്ച ലിസ്റ്റിൽ 465 പേരാണ് ഉള്ളത്. ഈ ലിസ്റ്റിൽ പെടാത്തവരെ 01..01..1977 നുശേഷം നടന്ന കയ്യേറ്റമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. സംയുക്ത പരിശോധനയിൽ 1977- ന് മുൻപ് നടന്ന കയ്യേറ്റമായി കണ്ടെത്താത്ത കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഒഴിപ്പിക്കൽ നടപടിയുടെ ഭാഗമായാണ് അത്തരം കയ്യേറ്റക്കാർക്ക് കുടിയൊഴിപ്പിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത്. 01.01.1977 ന് മുൻപ് നടന്ന കയ്യേറ്റമായി സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ആർക്കുംതന്നെ വനംവകുപ്പ് കുടിയൊഴിപ്പിക്കൽ നോട്ടീസ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ